# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

19.11.2019 -ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5832

### ലോട്ടറി ഏജന്റുമാരുടെ ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൻകിട ലോട്ടറി കച്ചവടക്കാരും ചെറുകിട കച്ചവടക്കാരുമായി എത്ര ലക്ഷം പേരാണ് അംഗീകൃത ഏജൻസി എടുത്തിട്ടുള്ളതായിട്ടുള്ളത്; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ; | (എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ നാളിതുവരെ ആകെ 47,506 പേർ സ്ഥിരം ഏജന്റുമാരായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏജന്റുമാരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. ഭാഗ്യക്കുറി ഏജന്റുമാരെ വൻകിട/ചെറുകിട വർഗ്ഗീകരണം നടത്തിയിട്ടില്ല. |

| ക്രമ നമ്പർ | ജില്ല | ഏജന്റുമാരുടെ എണ്ണം (Permanent) |
|---|---|---|
| 1 | തിരുവനന്തപുരം | 6079 |
| 2 | കൊല്ലം | 4308 |
| 3 | പത്തനംതിട്ട | 1838 |
| 4 | ആലപ്പുഴ | 2632 |
| 5 | കോട്ടയം | 4827 |
| 6 | ഇടുക്കി | 1757 |
| 7 | എറണാകുളം | 4872 |
| 8 | തൃശ്ശൂർ | 5308 |
| 9 | പാലക്കാട് | 4361 |
| 10 | മലപ്പുറം | 2976 |
| 11 | കോഴിക്കോട് | 3369 |
| 12 | വയനാട് | 1458 |
| 13 | കണ്ണൂർ | 2818 |

<table>
<tr><td></td><td></td><td></td><td><table><tr><td>14</td><td>കാസർഗോഡ്</td><td>903</td></tr><tr><td colspan="2">ആകെ</td><td>47506</td></tr></table></td></tr>
<tr><td>(ബി)</td><td>ലോട്ടറി കച്ചവടക്കാരുടെ ക്ഷേമനിധിയിൽ നിന്നും ഏജന്റ്മാർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ;</td><td>(ബി)</td><td>ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് വർഷത്തിൽ പരമാവധി 3,000/- രൂപാ വരെ ചികിത്സാധനസഹായം നൽകുന്ന പദ്ധതി, ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്ന അംഗങ്ങൾക്ക് 20,000/- രൂപാ വരെ ചികിത്സാധനസഹായം നൽകുന്ന പ്രത്യേക ചികിത്സാ പദ്ധതി, ക്ഷേമനിധിയിലെ അംഗങ്ങളുടെ പെൺമക്കൾക്കും, വനിതാ അംഗങ്ങൾക്കും 5,000/- രൂപാ വിവാഹധനസഹായം നൽകുന്ന പദ്ധതി, ക്ഷേമനിധിയിലെ വനിതകളായ അംഗങ്ങൾക്ക് 5,000/- രൂപാ പ്രസവാനുകൂല്യം നൽകുന്ന പദ്ധതി, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് 25,000/- രൂപാ വരെ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, എസ്.എസ്.എൽ.സി. ഹയർസെക്കന്ററി തലത്തിൽ വിജയം നേടുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ് നൽകുന്ന പദ്ധതി, മരണപ്പെടുന്ന ക്ഷേമനിധി അംഗങ്ങളുടെ ആശ്രിതർക്ക് സ്വാഭാവികമരണത്തിന് 50,000/- രൂപയും, അപകടമരണത്തിന് 1,00,000/- രൂപയും ധനസഹായം നൽകുന്ന മരണാനന്തര ധനസഹായ പദ്ധതി എന്നീ ആനുകൂല്യങ്ങളും , പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ എന്നീ പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് വരുന്നു. ഇവ കൂടാതെ എല്ലാ വർഷവും ഓണം അലവൻസ് ഇനത്തിൽ അംഗങ്ങൾക്കും, പെൻഷൻകാർക്കും തുക അനുവദിച്ചുവരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എന്തെങ്കിലും ആനുകൂല്യം ഇവർക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി അനുവദിച്ച ആനുകൂല്യങ്ങൾ / പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**<u>സൗജന്യ യൂണിഫോം</u>**<br>ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതി പ്രകാരം 2,10,00,000/- രൂപ ചെലവഴിച്ച് 70,000 യൂണിഫോമുകൾ കുടുംബശ്രീ മുഖേന തയ്യാറാക്കി വിതരണം ചെയ്തു.<br>**<u>മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ</u>**<br>അംഗപരിമിതരായ 178 ക്ഷേമനിധി അംഗങ്ങൾക്ക് 70,500/- രൂപാ വിലയുള്ള മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടറിൽ ടിക്കറ്റ് ഡിസ്പ്ലേ റാക്ക്, ബീച്ച് അംബ്രല്ല എന്നിവ സഹിതം തയ്യാറാക്കി സൗജന്യമായി വിതരണം ചെയ്തു. പുതുതായി 96 അംഗങ്ങൾക്ക് കൂടി മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ സൗജന്യമായി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിവരുന്നു.<br>**<u>ബീച്ച് അംബ്രല്ല</u>**<br>വഴിയോര ഭാഗ്യക്കുറി വിൽപ്പനക്കാരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായി ബീച്ച് അംബ്രല്ല നൽകുന്ന പദ്ധതി പ്രകാരം കുടുംബശ്രീ മുഖേന 2000 ബീച്ച് അംബ്രല്ലകൾ തയ്യാറാക്കി വിതരണം ചെയ്തു. പുതുതായി 1000 ബീച്ച് അംബ്രല്ലകൾ കൂടി സൗജന്യമായി വിതരണം ചെയ്യുന്നതാണ്.<br>**<u>പത്താം തരം തുല്യതാ പഠനം</u>**<br>ക്ഷേമനിധി അംഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി പത്താംതരം വിജയിച്ചിട്ടില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുമായി സംയോജിച്ച് പത്താം തരം തുല്യത പഠനം സൗജന്യമായി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്ന പദ്ധതി നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | | **<u>പ്രളയ ധനസഹായം</u>**<br>സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിലെ അംഗങ്ങൾ ആയവരും പ്രളയ ബാധിതമായി സർക്കാർ പ്രഖ്യാപിച്ച വില്ലേജുകളിൽ ദുരിതത്തിൽ പെട്ടവരുമായ ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ടിക്കറ്റുകൾ നഷ്ടപ്പെട്ടുകയോ, കേടുപാടുകൾ സംഭവിക്കുകയോ, വിൽക്കാൻ സാധിക്കാതെ വരികയോ ചെയ്തതു മൂലം സാമ്പത്തിക നഷ്ടം സംഭവിച്ചവർക്കും ആശ്വാസ ധനസഹായം നൽകി.<br>**<u>കലാകായിക മേള</u>**<br>സംസ്ഥാന ഭാഗ്യക്കുറിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ക്ഷേമനിധി അംഗങ്ങളേയും അവരുടെ കുടുംബാംഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ തലത്തിലും തുടർന്ന് സംസ്ഥാന തലത്തിലും കലാകായിക മേള സംഘടിപ്പിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ